**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
06 July 2018 (21 Shawwal 1439 AH)

# "The Divine Messages of 21-23 June 2018".
# 2018 ജൂൺ 21,23 തീയതികളിൽ ലഭിച്ച ദൈവീക വെളിപാടുകൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **2018 ജൂൺ 21,23 തീയതികളിൽ ലഭിച്ച ദൈവീക വെളിപാടുകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

2018 ജൂൺ 21-ാം തീയതി ഇംഗ്ലീഷിൽ, അല്ലാഹുവിൽ നിന്നും ലഭിച്ച ദൈവീക വെളിപാടുകളാണ് ഞാൻ നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കുവാനായി തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സന്ദേശങ്ങൾ ചിലപ്പോൾ തുടർച്ചയായി തുടർന്നുകൊണ്ടിരുന്നു. മറ്റു ചിലപ്പോൾ ഇടവിട്ട് ഇടവിട്ട് 2018 ജൂൺ 23 വരെ തുടർന്നുകൊണ്ടിരുന്നു.

ബിസ്മില്ലാഹിർറഹ്മാനിർറഹീം-വെളിപാട് ആരംഭിച്ചത് **അൽയൗമ അക്മൽതു ലക്കും ദീനക്കും വഅത്മംതു അലൈക്കും നിഅ്മതീ വറദീതുലക്കുമുൽ ഇസ്ലാമ ദീന** ഇന്നേ ദിനം ഞാൻ നിങ്ങളുടെ മതത്തെ പൂർത്തിയാക്കി തന്നിരിക്കുന്നു. നിങ്ങളുടെ മേൽ എന്റെ അനുഗ്രഹം പൂർത്തിയാക്കിതന്നിരിക്കുന്നു. ഇസ്ലാമിനെ മതമായി ഞാൻ നിങ്ങൾക്ക് തെരഞ്ഞെടുത്തിരിക്കുന്നു.

അല്ലയോ! മുനീർ അഹ്മദ് അസിം! ഈ നൂറ്റാണ്ടിലെ മസീഹും എന്റെ ഖലീഫത്തല്ലായുമായവരെ! ഈ നൂറ്റാണ്ടിൽ ഞാൻ നിന്നെ **ദലീലുൽഖൈറാത്ത്** (നല്ല കാര്യങ്ങൾക്കുള്ള വഴികാട്ടി) **നാസിഹ്** (യഥാർത്ഥ ഉപദേശകൻ) ആയും ഉയർത്തിയിരിക്കുന്നു. സഹീഹിൽ ഇസ്ലാം എന്നു പേരുള്ള ഒരു ജമാഅത്തുമായി. സഹീഹ് അൽ ഇസ്ലാമിന്റെ അർത്ഥം, ഇസ്ലാമിന്റെ

സത്യത ശരിയാക്കുക, മുൻപ് ദൈവീക വെളിപാടുകളിലൂടെ നല്കിയ ദൈവീക സത്യങ്ങൾ മനുഷ്യന്റെ കൈകടത്തൽ മൂലം വികൃതമാക്കപ്പെട്ട തനെ ഇല്ലാതാക്കുക. എന്നിട്ട് അല്ലാഹുവിന്റെ യഥാർത്ഥ സന്ദേശത്തെ പുനഃ സ്ഥാപിക്കുക.

ഈ ലോകത്തിലേക്ക്, ഈ നൂറ്റാണ്ടിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ ഉയർത്തിയത് ഇംപിരിയലിസത്തിന്റെയും (മറ്റു രാജ്യങ്ങളുടെ മേൽ അതിക്രമിച്ച് കയറി നിയന്ത്രണം സ്ഥാപിക്കുക) ക്യാപിറ്റലിസത്തിന്റെയും (മുതലാളിത്വ വ്യവസ്ഥതിയുടെയും) ശാപങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനും വേണ്ടിയാണ്. ഈ രണ്ട് വ്യവസ്ഥതിയും മാനവരാശിയെ ക്രൂരമായും അനീതിപരമായും ഭരണം നടത്തുകയാണ്. മനുഷ്യർക്കിടയിൽ അർത്ഥമില്ലാത്ത, കൃത്യമ വ്യത്യാസങ്ങൾ സൃഷ്ടിച്ച്, ഒരു വിഭാഗത്തെ തൊട്ടുകൂടായ്മയിലേക്കും ദാരിദ്ര്യത്തിലേക്കും നയിക്കുന്ന ഈ ക്രൂര നടപടികളിൽ നിന്നും മാനവകുലത്തെ രക്ഷിക്കുക.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ജനാധിപത്യത്തെയാണ് അത് പ്രബോധിക്കുന്നത്. അതിന്റെ പ്രബോധനം സാർവ്വദേശീയ സാഹോദര്യമാണ്. അടിമയാക്കപ്പെട്ടവരുടെയും, താഴെക്കിടയിൽ ആണ്ടുപോയവരുടെയും സുരക്ഷിതത്വം ഉറപ്പാക്കുകയും അവർക്ക് മറ്റുള്ളവർക്കൊപ്പം തുല്യ പരിഗണന നല്കി ഉയർത്തുക എന്നതും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ലക്ഷ്യങ്ങളിൽപെടുന്നു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, താങ്കളുടെ അനുചരന്മാർക്കിടയിൽ, കുടുംബചിന്ത എന്നൊന്ന് ഉണ്ടാകാൻ പാടില്ല. **അല്ലയോ! ഖലീഫത്തുല്ലാഹ്!** അതുപോലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഒരേ കുടുംബത്തിൽ നിന്ന് തുടർച്ചയായുള്ള ഭരണാധികാരികൾ എന്ന വ്യവസ്ഥയും ഇല്ല. (ഡൈനാസ്റ്റി സമ്പ്രദായം) താങ്കളുടെ അനുചരന്മാരെല്ലാം പരസ്പരം അവയവങ്ങൾ പോലെ ആയിരിക്കണം. നിങ്ങളുടെ ശരീരത്തിലെ ഒരവയവത്തിന് വേദന അനുഭവപ്പെട്ടാൽ, അത് ശരീരം മുഴുവൻ വേദനിപ്പിക്കുന്നില്ലേ? ഇതു തന്നെ ആയിരിക്കണം മാനവസമൂഹത്തിന്റെ കാര്യത്തിലും നിങ്ങളുടെ നിലപാടുകൾ!

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഒരുമൊത്ത കച്ചവടക്കാരനും ഒരു തൊഴിലാളിയും തമ്മിലുള്ള വ്യത്യാസം വെറും താത്ക്കാലികം മാത്രമാകുന്നു.

അത് അവരുടെ തൊഴിലുകളിൽ ഏർപ്പെടുമ്പോൾ മാത്രമുള്ളതാകുന്നു. തൊഴിലിൽ നിന്നു വിരമിക്കുമ്പോൾ ആ വ്യത്യാസവും അവസാനിക്കുന്നു. അവരുടെ ഇഹലോകവൃത്തിയിൽ നിന്നും പിരിഞ്ഞാൽ, നമസ്ക്കരിക്കുവാനായി അവർ ഒരു പള്ളിയിൽ ഒത്തു ചേർന്നാൽ, പ്രസ്തുത വ്യത്യാസം അപ്രത്യക്ഷമായി കഴിഞ്ഞു. ഇവിടെ സർവ്വശക്തനായവന്റെ സാന്നിദ്ധ്യത്തിൽ രാജാവും, യാചകനും, ധനവാനും, ദരിദ്രനും അറിവുള്ളവനും അറിവില്ലാത്തവനും, എല്ലാവരും ഒരേ വിഭാഗമായി മാറി. ഒരു വരിയിൽ ഇവരെല്ലാം തോളോടു തോൾ ചേർന്ന് നില്ക്കണം. ഈ ലോകത്തിലെ സാമൂഹ്യകാര്യങ്ങളിൽ ഈ പറയപ്പെട്ട വ്യത്യാസങ്ങളോടൊപ്പം തന്നെ, അവരെല്ലാവരും തുല്യമായി പരസ്പര സന്തോഷങ്ങളിലും സന്താപങ്ങളിലും പങ്കുചേരണം.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, മറ്റുള്ളവരേക്കാൾ കേമനാണ് താനെന്ന ഭാവവും, മിഥ്യാഭിമാനവും, മറ്റുള്ളവരുടെ മേൽ ഏതെങ്കിലും രീതിയിലുള്ള അധീശത്വം സ്ഥാപിക്കലും പാപമാകുന്നു. എന്നെക്കാൾ മറ്റവൻ താണവനാണ് എന്ന ഭാവം ദൈവത്തെ, സർവ്വശക്തനായവനെ അനാദരിക്കലാണ്. അവന്റെ സമ്പൂർണ്ണമായ അധികാരാവകാശത്തെ ചോദ്യം ചെയ്യലാണത്. പ്രസ്തുത പേരും സ്ഥാനവും മറ്റാർക്കും പങ്കുവെയ്ക്കാവതല്ല. അഹംഭാവിയും ധിക്കാരിയുമായവന്റെ അന്ത്യം വളരെ ദയനീയമായിരിക്കും.

പണക്കാരൻ, തൊഴിലാളിയോടോ, അഥവാ യാചകനോടോ അപമാനമായി പെരുമാറൽ, കഴിവുള്ളവനും അധികാരമുള്ളവനും, കഴിവില്ലാത്തവനെ അവന്റെ ശക്തിയും അധികാരവും ഉപയോഗിച്ച് അവരുടെ അടിമകളാക്കുന്നതും, പണ്ഡിതൻ, പാമരനെ താണവനായി കണക്കാക്കുന്നതും ഇവകളും ഈ രീതിയിലുള്ള താനെന്ന ഭാവത്തിലുള്ള പ്രകടനങ്ങളും, മാനവസമൂഹത്തിന്റെ അധഃപതനത്തിന്റെ കാരണങ്ങളാകുന്നു. അല്ലാഹുവിന്റെ നിയമപ്രകാരം!

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ താങ്കളുടെ എല്ലാ അനുചരന്മാരുടെയും ഹൃദയങ്ങളിൽ തങ്കലിപികളിൽ മുദ്രണം ചെയ്തു വെയ്ക്കാൻ അനുയോജ്യമായ വിശുദ്ധഖുർആനിലെ ഒരു വചനമാണ്. **ദൈവത്തിന്റെ മുമ്പിൽ ഏറ്റവും ആദരീണയനായ വ്യക്തി എല്ലാവിധ പാപങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവാകുന്നവനാകുന്നു.**

സ്വന്തം വിശ്വാസത്തിന്റെ ഞാനെന്ന ഭാവത്തിന്റെ പ്രശ്നമാണ് ഫനാറ്റിസിസം അഥവാ മതഭ്രാന്ത് അതിന് വിശ്വാസവുമായി ബന്ധമില്ല.

**അല്ലയോ ഖലീഫത്തുല്ലാഹ്!** താങ്കളുടെ അനുയായികൾക്കും മുഴുമനുഷ്യർക്കും ഈ സന്ദേശം നല്കുക. അതായത് ഞാനെന്ന ഭാവം ഉന്മൂലനാശം വരുത്തുന്ന ഒരു രോഗമാണ്. അതുകൊണ്ടാണ് അല്ലാഹു (ത) വിശുദ്ധഖുർആനിൽ അനേകം സ്ഥലങ്ങളിൽ ഇതിനെ ആക്ഷേപിച്ച് സംസാരിച്ചിട്ടുള്ളത്. **മതഭ്രാന്ത് അഹന്തയിൽ നിന്നുള്ള ഒരു രോഗ മാണ്.**

തന്റെ മതമാണ് പരമമായ സത്യം എന്നുള്ള ശക്തമായ വിശ്വാ സം, സാധാരണയായി മറ്റു മതങ്ങളെക്കാൾ കൂടുതൽ സത്യമായത് തന്റേ താണ് എന്ന സൂചന നല്കുന്നു. ഇത്തരം വിശ്വാസമായിരിക്കാം മതഭ്രാ ന്തിന്റെ ഒരു ഉറവിടം, അല്ലെങ്കിൽ പ്രധാന ഉറവിടം. മതഭ്രാന്തിന്റെയും അസഹിഷ്ണുതയുടെയും ഉറവിടം ഇവിടെയാണ് തുടങ്ങുന്നത്. തങ്ങ ളുടെ മതമാണ് ഏറ്റവും ശ്രേഷ്ഠമായത്, എന്ന ജനങ്ങളുടെ വിശ്വാസനി രീക്ഷണത്തിൽ നിന്നാണ് ഈ തീരുമാനത്തിലെത്തിച്ചേരുന്നത്. ഈ നീരി ക്ഷണം ശരിയാകുമ്പോൾ, ഒരുവന്റെ വിശ്വാസ ശക്തി മതഭ്രാന്തായി കൂടി കലരുമ്പോൾ, അവരുടെ വിശ്വാസസംഹിത ഉപരിതലസ്പർശിയായി മാറു ന്നു. യാഥാർത്ഥ്യത്തിലധിഷ്ഠിതമായത് കൂടുതൽ അടിസ്ഥാനപരവുമായ കാരണങ്ങളിലേക്ക് കാര്യങ്ങൾ തുറന്നു നോക്കുന്നതിൽ പരാജയപ്പെടു ന്നു. എന്തുകൊണ്ടാണ് ഒരു വ്യക്തി അസഹിഷ്ണുതയുള്ളവനാകുന്നത്? അത് അവരുടെ വിശ്വാസംകൊണ്ടാണ്. ഒരു സത്യവിശ്വാസി എന്ന നില യിലും പ്രസ്തുത മതത്തിന്റെ ഒരു പ്രതിനിധി എന്ന നിലയിലും സ്വന്തം പ്രതിഛായ പൂർണ്ണമായി തുറന്നുകാട്ടുന്നത്, കൂടുതൽ നന്നായിരുന്നേനെ! പ്രശ്നം ഇതാണ് ഒരുവന് അവന്റെ മതത്തിൽ ഉറപ്പായ വിശ്വാസമില്ല അടി സ്ഥാനമില്ലാത്ത വിശ്വാസം ഒരുവനെ നല്ല വിശ്വാസിയാണ് എന്ന നിഗമ നത്തിൽ എത്തിക്കുകയാണ്.

## മൂന്ന് നിരീക്ഷണങ്ങൾ ഈ കാര്യത്തെ ശരിവയ്ക്കുന്നു.

.1. ബഹുഭൂരിഭാഗങ്ങളും അവർ അവരുടെ മതം മഹോന്നതാണ് എന്നു കരുതുന്നു. ഓരോ മതവും സഹിഷ്ണുതയും, ആദരവും മറ്റു മത ങ്ങൾക്കും വിശ്വാസങ്ങൾക്കും നല്കുന്നതാണ്.

2. മതഭ്രാന്തകന്മാർ അസഹിഷ്ണുത പ്രകിപ്പിക്കുന്നു, മറ്റു മതങ്ങളിലൽ വിശ്വസിക്കുന്നവരോട് മാത്രമല്ല; വിശ്വാസികൾ തങ്ങളുടെ വിശ്വാസം മറ്റുള്ളവരോട് പങ്കുവെയ്ക്കുമ്പോഴും അവർ അസഹിഷ്ണുത പ്രകടിപ്പിക്കുന്നു. അവർ നല്ലവിശ്വാസിയായി കാണാത്ത ആരോടും അവർ പ്രസ്തുത അസഹിഷ്ണുത പ്രകടിപ്പിക്കുന്നു. ഒരേ വിശ്വാസത്തിൽ പെട്ട മറ്റു വിശ്വസികളോട് അസഹിഷ്ണുത കാണിക്കുന്നതിന്റെ കാരണം തന്നെ മറ്റുള്ളവരെക്കാൾ കേമനാണെന്ന് കാണുന്നതിന്റെ ഫലമായിട്ടാണ്.

3. മതതീവ്രവാദം, മതഭ്രാന്ത് ഒരുവൻ പ്രകടിപ്പിക്കുമ്പോൾ, അത് ദൈവവുമായുള്ള അവന്റെ ബന്ധത്തെ അല്ല പ്രകടിപ്പിക്കുന്നത്, മറിച്ച് മറ്റുള്ളവരോടുള്ള അവന്റെ ബന്ധമാണ് അത് പ്രകടമാക്കുന്നത്, ഇത് അവന്റെ ആന്തരിക വളർച്ചയിലേക്ക് വെളിച്ചം നല്കുന്ന നിലയിലുള്ള മാനസിക നിലയാണ്, മറ്റുള്ളവരുമായി ഇടപഴകുമ്പോൾ!

ഈ അതിരുകടന്ന നിലയിലുള്ള നീതികരിക്കുവാൻ സാധിക്കാത്ത ഈ ആത്മവിശ്വാസം, ഞാനെന്ന ഭാവത്തിന്റെ സമ്പൂർണ്ണ പ്രകടനമല്ലാതെ മറ്റൊന്നുമല്ല, തെറ്റായ നിലയിലുള്ള ഇത്തരം അഹംഭാവമാണ്, സാത്താനെ ദൈവവുമായി വാദപ്രതിവാദത്തിനിടയാക്കിയത്. ആദമിനേക്കാൾ താൻ ശ്രേഷ്ഠനാണ് എന്നുള്ള അവന്റെ വാദം. അതവനെ ആദമിന്റെ മുമ്പിൽ ശിരസ്സ് കുനിക്കാൻ അനുവദിച്ചില്ല.

**നാം നിങ്ങളെ സൃഷ്ടിക്കുകയും എന്നിട്ട് നാം നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു പിന്നീട് നാം മലക്കുകളോട് പറഞ്ഞു. ആദമിനെ അനുസരിക്കുക എന്ന് അവർ അനുസരിച്ചു. പക്ഷേ ഇബ്‌ലീസ് വഴങ്ങിയില്ല. അവൻ അനുസിക്കുന്നവരിൽപെട്ടില്ല. 7:12** അപ്പോൾ അല്ലാഹു അവനോട് പഞ്ഞു നിന്നോട് ഞാൻ കല്പിച്ചപ്പോൾ അനുസരിക്കുന്നതിൽ നിന്ന് നിന്നെ എന്താണ് തടസ്സപ്പെടുത്തിയത്? അവൻ പറഞ്ഞു ഞാൻ അവനേക്കാൾ ഉത്തമനാണ്. നീ എന്നെ അഗ്നിയാൽ സൃഷ്ടിച്ചിരിക്കുന്നു. അവനെ നീ കളിമണ്ണു കൊണ്ടാണ് സൃഷ്ടിച്ചിരിക്കുന്നത് 7:13

സാത്താൻ കരുതി അവൻ ആദമിനെക്കാൾ ശ്രേഷ്ഠനാണെന്ന്, അത് അവൻ കരുതിയതിന്റെ അടിസ്ഥാനത്തിലാണ്, മതഭ്രാന്തന്മാരും കരുതുന്നത്, ഞങ്ങൾ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണെന്നാണ്, ഇതു സംബ

ന്ധമായി ദൈവം പറഞ്ഞതുപോലെ! ഈ പ്രശ്നത്തെ സംബന്ധിച്ച് അറിവ് നല്കുന്ന ഒരു വചനമാണ് താഴെപറയുന്നത്

**വിശ്വസിച്ചവരെ അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ സഞ്ചരിക്കുന്നതായാൽ വിശദമായ അന്വേഷണം നടത്തുക. നിങ്ങൾക്ക് സമാധാന സന്ദേശം, ആശംസിക്കുന്നവരോട്, നീ സത്യ വിശ്വാസിയല്ല എന്നു പറയരുത്.നിങ്ങൾ ഐഹിക ജീവിതത്തിലെ ക്ഷണിക വസ്തുക്കളെ ആഗ്രഹിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ അടുക്കൽ ധാരാളം ഗനീമത്തുകളുണ്ട്. ഇതിന് മുമ്പ് നിങ്ങളും അപ്രകാരമായിരുന്നു. എന്നിട്ട് അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം ചെയ്തു. അതുകൊണ്ട് നിങ്ങൾ വിശദമായ അന്വേഷണം നടത്തുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു തികച്ചും ബോധവനാത്രെ 4:95**

**അല്ലയോ ഖലീഫത്തുല്ലാഹ്!** അല്ലാഹു (ത) വിശ്വാസികൾക്ക് മുന്നറിയിപ്പ് നല്കുന്നു. അവിശ്വാസികളെക്കാൾ നിങ്ങൾ മേലെക്കിടയിലുള്ളവരാണെന്ന് നിങ്ങൾ സ്വയം നിങ്ങളെ കാണരുത്. അവരെ ഓർമ്മപ്പെടുത്തുന്നു. അവരും മുൻപ് അവിശ്വാസികളായിരുന്നു. അവന്റെ (അല്ലാഹു) ആനുകൂല്യം കൊണ്ടാണ് നിങ്ങൾ ഇപ്പോൾ മുസ്ലിംകൾ ആയത്. ഈ പ്രസ്താവനയിലൂടെ ഒരുവൻ ഏതെങ്കിലും രീതിയിലുള്ള അഹംഭാവം വെച്ചു പുലർത്തുകയാണെങ്കിൽ അത് മാറ്റുക. അതായത് താനൊരു മുസ്ലിമാണ്, അത് തന്റെ വ്യക്തിപരമായ ഒരു നേട്ടമാണ്, മറ്റുള്ളവരെക്കാൾ ഞാൻമേലേക്കിടയിലാണ് എന്നോ മറ്റോ ചിന്തയുണ്ടെങ്കിൽ അത് നീക്കം ചെയ്യുക.

മുകളിൽ പറഞ്ഞ വചനം ദൈവത്തിന്റെ ഗുണവുമായി ബന്ധിതമില്ല എന്നറിയണം. അത് ഇസ്ലാംമതം ആശ്ലേഷിക്കുന്ന വ്യക്തിയുമായി ബന്ധപ്പെട്ട കാര്യമാണ്. ഇതുകൊണ്ടുള്ള അർത്ഥം ഒരു വിശ്വാസി ആയിരിക്കുക എന്ന അവസ്ഥയിൽ, അവൻ എപ്പോഴും അല്ലാഹുവിൽ നിന്നുള്ള ആനുകൂല്യങ്ങൾ തുടർച്ചയായി കണ്ടുകൊണ്ടിരിക്കുന്നതാണ്. ഒരുവൻ ഒരു പൂർണ്ണവിശ്വാസി അല്ലെങ്കിൽ പോലും, ഇതിന് മാറ്റം വരില്ല എന്ന് ഉറപ്പ് പറയുവാൻ കഴിയുകയില്ല. വളരെ മനോഹരമായതും, വിനയത്തിനുള്ള വിനയാന്വിതമായതും , അല്ലാഹുവിനെ അർഹമായ രീതിയിൽ ഭയപ്പെടു

കയും, അവനെ സ്നേഹിക്കുകയും ചെയ്യുന്നവർക്കുള്ളതുമായ ഒരു ഉദാഹരണം, നമുക്ക് അല്ലാഹു(ത), പ്രത്യേക രീതിയിൽ പരിഗണിച്ചുള്ള സേവകന്മാരിൽപെട്ട ഒരാളിന്റെ പ്രാർത്ഥനയിൽ കാണാൻ കഴിയുന്നു. **അത് യൂസുഫ് നബി (അ) യുടെ പ്രാർത്ഥനയാണ്.** അദ്ദേഹം പ്രാർത്ഥിച്ചു. എന്റെ നാഥാ ! നീ എനിക്ക് തീർച്ചയായും ആധിപത്യത്തിൽ ഒരു ഭാഗം നല്കിയിരിക്കുന്നു. സ്വപ്നങ്ങളുടെ വ്യാഖ്യാനത്തിൽ നിന്ന് ഒരംശം നീ എന്നെ പഠിപ്പിച്ചിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവേ, ഇഹത്തിലും പരത്തിലും നീ എന്റെ രക്ഷകർത്താവാണ്. എന്നെ നീ അനുസരണമുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമെ 12:102

ഈ വാക്കുകൾ അദ്ദേഹം പൂർത്താക്കിയ സമയം അദ്ദേഹം (യൂസ്ഫ്) ഒരു പ്രവാചകനായിരുന്നു. അത്ഭുത സിദ്ധിയുള്ള ഒരു സേവകൻ അല്ലാഹുവിൽ നിന്ന് അത്ഭുതകരമായ അനേകം അനുഗ്രഹങ്ങൾ/ ആനുകൂല്യങ്ങൾ അനുഭവിച്ചറിഞ്ഞ ആൾ. അദ്ദേഹത്തിന്റെ വിനയത്തിന് ഇതൊന്നും ഒരു തടസ്സമായില്ല. അദ്ദേഹം ആവശ്യപ്പെടുകയാണ് താനൊരു മുസ്ലിമായി ജീവിക്കുന്നതിനുള്ള തൗഫീഖിനായി! ദൈവത്തിന്റെ തുടർന്നുള്ള സഹായം ആവശ്യപ്പെടുകയാണ്. ഞാനെന്ന ഭാവത്തിന്റെ അഹംഭാവത്തിന്റെ, ആത്മവിശ്വാസത്തിന്റെ ലവലേശം തൊട്ടുതീണ്ടിയിട്ടില്ലാത്ത അവസ്ഥ. **മാനവ വംശത്തിന്റെ ആരംഭം മുതൽ തുടങ്ങിയ ഒരു രോഗമാണ് അഹന്ത അഥവാ ഞാനെന്നഭാവം. ഈ ആത്മീയ രോഗത്തിൽ പിറന്ന അവിശുദ്ധ കുട്ടിയാണ് അഹന്ത. മതത്തിൽ പിറന്നതല്ല ഈ മതഭ്രാന്ത്.** ഏതു വിശ്വാസത്തെ സംബന്ധിച്ചും ജനങ്ങൾക്ക് വിശ്വാസഭ്രാന്ത് കാണിക്കാം. കാരണം മതഭ്രാന്ത് മൊട്ടിടുന്നത് സ്വന്തം നന്മയെകുറിച്ചുള്ള അതിരുകടന്ന ചിന്തയാണ്. നേതൃത്വത്തിന്റെ പദവിയിലിരിക്കുന്നവർ, അതായത് രാഷ്ട്രീയക്കാർ തീവ്രതയിലേക്ക് വീഴാൻ സാധ്യത വളരെകൂടുതലാണ്. കാരണം നേതൃത്വം ഒരു വ്യക്തിക്ക് ദൗത്യനിർവ്വണത്തിന്റെ ബുദ്ധി നല്കുന്നു. അത് അവനെ സ്വയം നന്മയിലാണെന്നും സ്വയം വലിയ ആളാണെന്നുമുള്ള കുഴപ്പത്തിൽ കൊണ്ടെത്തിക്കുന്നു. അഹന്തനാശകാരിയായ ഒരു രോഗമാണ്. വിശുദ്ധഖുർആനിൽ

ധാരാളം സ്ഥലത്ത് ഇതിനെ ഇകഴ്ത്തി പറഞ്ഞിട്ടുണ്ട്. അതിന്റെ ഒരുദാഹരണം നോക്കു! (കോപം കൊണ്ട്) ജനങ്ങളുടെ മുൻപാകെ നിന്റെ കവിൾ നീ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ലതന്നെ 31:19

മതഭ്രാന്ത് ഞാനെന്ന ഭാവത്തിന്റെ ഒരു രോഗമാണ്. വിനയം, മറിച്ച്, അത്ഭുതകരമായ ഒരു മരുന്നുമാണ്. മനുഷ്യന്റെ ഒരു ദുരന്തം അവന് വളരെ പെട്ടെന്ന് അഹന്തയുള്ളവനായി മാറാൻ കഴിയും, എന്നാൽ വിനയാന്വിതനാകാൻ അല്പം പ്രയാസമാണ്.

**അല്ലയോ ഖലീഫത്തുല്ലാഹ്!** ഞാൻ, താങ്കളുടെ ഏറ്റവും വലിയ അധികാരിയായ രക്ഷകനാണ്. ആരിലാണോ എല്ലാ വാക്കുകളും, പ്രകടനങ്ങളും കുടികൊള്ളുന്നത്, അവൻ പറയുന്നു ജനങ്ങൾ എല്ലാം എന്നിലേക്ക് വരുവാൻ, എല്ലാവിധ വിനയത്തോടെയും താങ്കൾ ക്ഷണിക്കുക. എന്റെ ദാസന്മാരെ വരൂ, വരൂ! നിങ്ങൾ ആരാണെങ്കിലും! കറങ്ങിനടക്കുന്നവനാകട്ടെ, വിഗ്രഹാരാധകനാകട്ടെ, അഗ്നിആരാധകനാകട്ടെ, പാപിയാകട്ടെ, സത്യാന്വേഷകനാകട്ടെ, വിശ്വാസിയാകട്ടെ... വരൂ നിങ്ങളുടെ വാഗ്ദാനങ്ങൾ 1000 പ്രാവശ്യം ലംഘിച്ചവനാകട്ടെ, എന്റെ കാരുണ്യത്തിൽ പ്രതീക്ഷ പുലർത്തുന്നവർ ആരുമാകട്ടെ(വരൂ) സമയാസമയങ്ങളിൽ നിങ്ങൾക്ക് ശരിയായ പാതകാണിക്കുവനായി ഞാൻ വഴികാട്ടികളെ അയച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ഭാഗ്യവാന്മാരാണ്.ഞാൻ നിങ്ങളിലേക്ക് എന്റെ ദൂതനെ അയച്ചിരിക്കുന്നു. നിങ്ങളെ വഴികാണിക്കുവാനായി. എല്ലാ കറുത്ത പാപങ്ങളും ഇല്ലായ്മ ചെയ്യുവാനായി. പ്രതീക്ഷാനിർഭരമായ ഒരു പുതിയ തുടക്കം ആരംഭിക്കുവാൻ! തീർച്ചയായും നമ്മുടെ യാത്രസംഘം നിരാശയുടേതല്ല.

ഓർക്കുക മതഭ്രാന്തിൽ നിന്ന് ദൂരപ്പെടുക, നിങ്ങളെ പറ്റി നിങ്ങൾ സ്വയം തീർത്ത വിശ്വാസങ്ങളെയും ഉപേക്ഷിക്കുക. അത്തരം വിശ്വാസങ്ങൾ, യഥാർത്ഥവിശ്വാസത്തിന്റെ അടിത്തറ തന്നെ തകർത്തുകളയുന്നതാണ്, യഥാർത്ഥവിശ്വാസം നിങ്ങളിൽ ചൊരിഞ്ഞുതന്നതാകുന്നു. മതഭ്രാന്തന്മാർക്ക് വിനയം നഷ്ടമാകുന്നു. അതായത് സത്യം അറിയുന്നതും,സത്യവഴിയിൽ ചരിക്കുന്നതും ഒരേ വഴിയാണ് എന്ന് അവർക്ക് മനസ്സിലാകില്ല.

യഥാർത്ഥ വിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിൽ അവർ ജാഗ്രതയുള്ളവരല്ലെങ്കിൽ, അതവർക്ക് നഷ്ടപ്പെടുന്നതാണ്, പിശാചിന്റെ കെണിയിൽ അവർപെട്ടുപോകുന്നതുമാണ്, അവൻ (പിശാച്) അവരെ കാത്തിരിക്കുകയാണ്, അല്ലാഹുവിന്റെ പാതയിൽ നിന്നും അവരെ തട്ടിപറിച്ചു കൊണ്ടു പോകുവനായി! എന്നിട്ടവരെ വഴിതെറ്റിയവരും കപടന്മാരുമാക്കി മാറ്റുവനായി.

കപടവിശ്വസികളുടെ അന്ത്യം സത്യനിഷേധികളുടെ അന്ത്യത്തേക്കാൾ മോശതരമായിരിക്കും. കാരണം അവർ ദൈവത്തിന്റെ സത്യത്തെ വിശ്വസിക്കുകയും എന്നിട്ട് തിരസ്ക്കരിക്കുയും ചെയ്തവരാണ്. അവരുടെ തന്നെ അപൂർണ്ണമായ ആത്മീയാവസ്ഥയെ കള്ളം കൊണ്ട് പൊതിഞ്ഞവരാണ്. തീർച്ചയായും അത്തരം ആളുകൾ നരകത്തിന്റെ അടിത്തട്ടിലായിരിക്കും 4:146

## മറ്റൊരു ദൈവീക സന്ദേശം

സമാധാനം പ്രാപിച്ച ഒരു മനസ്സിന് കാര്യങ്ങൾ നല്ലനിലയിൽ കാണാൻ കഴിയുന്നതാണ്. കലുഷിത മാനസനായ ഒരു വ്യക്തിക്ക് അതിനു കഴിയുകയില്ല. എല്ലാ ദിവസവും കുറച്ചു സമയം നിങ്ങളുടെ മനസ്സിന് ശാന്തമായ ഒരു അവസ്ഥ സൃഷ്ടിച്ചുകൊടുക്കുക. നിങ്ങളുടെ ജീവിതം എങ്ങനെ വേണമെന്നാഗ്രഹിക്കുന്നുവോ അതുപോലെയാകാൻ, ഇത് നിങ്ങളെ സഹായിക്കുന്നതാണ്.

**2018 ജൂൺ 29ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്നെപ്പറ്റി ലഭിച്ച ദൈവീക വെളിപാടിന്റെ വിശദീകരണം**

**ദൈവീക വെളിപാട്** : പ്രസിഡന്റ് ഡൊനാൾഡ് ട്രംപ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? വളരെ വളരെ മോശമായ കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിയമം കൊണ്ട് ശിക്ഷിക്കേണ്ടതായ ശക്തമായ വെറുപ്പ്, മുസ്ലുംകൾക്കെതിരിൽ പ്രകടിപ്പിക്കുന്നു. **ഇത് അദ്ദേഹത്തിന്റെ അവസാനത്തിന്റെ ആരംഭമാണ്. ഖലീഫത്തുല്ലാഹ്‌യുടെയും അനുചരന്മാരുടെയും മഹത്തായ പ്രാർത്ഥനാ യുദ്ധം മൂലം ഡൊണാൾഡ് ട്രംപിന് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും വളരെ വലിയ അപമാനങ്ങൾ ഏറ്റുവാങ്ങേണ്ടി വരും (29ജൂൺ 2018)**

**വ്യാഖ്യാനം** - അമേരിക്കയിൽ അനഭിലഷണീയമായ ഒരു തരംഗം ഉദിച്ചുയരുകയാണ്. അത് ഇസ്ലാമോഫോബിയ അഥവാ ഇസ്ലാം വിരുദ്ധതയാണ്. മുസ്ലിം കൾക്കെതിരിൽ ശക്തമായ ശത്രുതാപരമായ കുറ്റത്തിലേക്ക് അവരെ അത് കൊണ്ടെത്തിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനുള്ള പോരാട്ടത്തിൽ, ട്രംപ് നിർദ്ദേശിച്ചിരിക്കുന്നത്. മുസ്ലിം അഭയാർത്ഥികളെ അനുവദിക്കുന്നതിലൂടെ, എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ, അമേരിക്കയിൽ ഭീകരാക്രമണ അപകടസാധ്യത കൂടുകയാണ്. അതുകൊണ്ട് മുസ്ലിം കുടിയേറ്റക്കാരെ നിരോധിക്കേണ്ടതാണ്. മുൻതലമുറയിൽപെട്ട മുസ്ലിം അഭയാർത്ഥികളിൽ നിന്ന് അമേരിക്കയിൽ ഭീകരാക്രമണ അപകട സാധ്യത കൂടുകയാണ്. അതുകൊണ്ട് മുസ്ലിം കുടിയേറ്റക്കാരെ നിരോധിക്കേണ്ടതാണ്. മുൻതലമുറയിൽപെട്ട മുസ്ലിം അഭയാർത്ഥികളിൽ നിന്ന് അമേരിക്കയിൽ ഭീകാരക്രമണം ഇല്ലെങ്കിൽ പോലും, അവരുടെ കാര്യത്തിൽ അതിസൂക്ഷമമായ അന്വേഷണം നടത്തേണ്ടതാണ്. വളരെ കർശനമായ പരിശോധനാ നടപടിക്രമങ്ങൾ അമേരിക്ക നടപ്പിലാക്കി കഴിഞ്ഞു. സിറിയയിൽ നിന്നും ഇറാഖിൽ നിന്നും വളരെകുറച്ച് അഭയാർത്ഥികളെ മാത്രമെ അവർ സ്വീകരിച്ചിട്ടുള്ളു.

ലഭിച്ച ദൈവീകവെളിപാടുകളിൽ നിന്ന് മനസ്സിലാകുന്നത് വളരെ മോശമായ അവസ്ഥകളാണ്, മുന്നോട്ട് പ്രതീക്ഷിക്കാനുള്ളത്. ഭാവിയിൽ അമേരിക്കയിൽ അഭയം തേടുന്നവർക്കും മുസ്ലിം ഭൂരിപക്ഷത്തിനും അവർ അമേരിക്കൻ മുസ്ലിം പൗരന്മാരാകട്ടെ, അല്ലാത്ത മുസ്ലിം പൗരന്മാരാകട്ടെ ട്രംപ് ഭരണകാലത്ത് അവരുടെ അവസ്ഥ വളരെ പരിതാപകരമായിരിക്കും എന്നാണ്.

ഇസ്ലാമാഫോബിയായുടെ അഥവാ ഇസ്ലാം വിരുദ്ധതയുടെ ഉയർത്തെഴുന്നേല്പിലൂടെ അസ്വസ്തതയും, അരക്ഷിതാവസ്ഥയും ഉണർത്തി വിട്ട് മാനവ പ്രയാസങ്ങളോട് വിശിഷ്യാ മുസ്ലിംങ്ങളുടെ പ്രയാസങ്ങളോട് അവരുടെ വിചാരവികാരങ്ങളെ അനുകമ്പാപൂർവ്വം കാണാതിരിക്കുക, തങ്ങളിൽ നിന്ന് അകലെ മാററി നിർത്തുക, ഈയൊരു സമീപനം ലോകത്ത് വളർന്നുകൊണ്ടിരിക്കുന്നു. മധ്യപൗരസ്ത ദേശങ്ങളിലെ കഠോര പ്രവർത്തനങ്ങളിലൂടെ ലോകത്തിന് മുന്നോട്ട് ചലിക്കാൻ സാധിക്കാത്ത അവസ്ഥയിലുമായി. പാലസ്തീൻ, സിറിയ മററു മുസ്ലിം ന്യൂനപ

ക്ഷങ്ങളും, റോയിൻഗ്യാ, മുസ്ലിംങ്ങളെ പോലുള്ളവർ വളരെ ഭയാനകമായ സാഹചര്യമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. അവരുടെ പൗരാവകാശങ്ങൾ വരെ നിരോധിക്കപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതം ജീവിക്കുവാനുള്ള അവകാശവും അങ്ങനെ മതപരമായ വിശ്വാസം സ്വതന്ത്രമായി ആചരിക്കുവാനുള്ള അവകാശവും തടയപ്പെട്ടിരിക്കുന്നു. യാതൊരു തത്വദീക്ഷയുമില്ലാത്ത ബോംബിംഗിലൂടെ, അക്രമത്തിലൂടെ, നാശത്തിലൂടെ അനേകമനേകം ആളുകൾ, അറിയപ്പെടാത്തനിലയിൽ അവരുടെ ജീവൻ ത്യജിച്ചു. മഹാനഗരങ്ങളും, മാനവസമൂഹവും തകർന്നടിഞ്ഞു. അവിടെ സംഹാരതാണ്ഡവമാടുകയാണുണ്ടായത്.

അവരുടെ ശിക്ഷയ്ക്ക് ഒരു കുറവും വരുന്നതല്ല. അവർക്ക് യാതൊരു ആശ്വാസവും ലഭിക്കുന്നതുമല്ല.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ വിശ്വാസികളെ! നിങ്ങളുടെ വിശ്വാസത്തിൽ നിങ്ങൾ നിഷ്ക്കളങ്കതയോടെ വർത്തിക്കുക.**(വഇന്നഹുലൽഹഖുമിൻറബ്ബിക്ക)** ഇത് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നു വന്ന സത്യമാകുന്നു. ഈ സത്യത്തെ നിരസിച്ചവരെ, നിങ്ങൾ ഭയപ്പെടരുത്. അവർ കപടവിശ്വാസികളാണ്. നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക. അങ്ങനെ ആയാൽ നാം എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കി തരുന്നതാണ്. നിങ്ങൾ നേർപാത പിന്തുടരുക. നിങ്ങൾക്ക് ലഭിച്ച ഏറ്റവും മഹത്തായ അനുഗ്രഹം നമ്മുടെ ദൂതനിലൂടെ നിങ്ങൾക്ക് അയച്ചുതന്നാകുന്നു. അദ്ദേഹം നിങ്ങളിൽ നിന്നുള്ള ആളാകുന്നു. നമ്മുടെ വചനങ്ങൾ, നമ്മുടെ വെളിപാടുകൾ നിങ്ങൾക്ക് ഓതികേൾപ്പിക്കാനായി വന്നതാണ്. നിങ്ങൾ ശുദ്ധീകരിക്കുവാനായി, പരിശുദ്ധ ഗ്രന്ഥം നിങ്ങളെ പഠിപ്പിക്കുവാനായി, തത്വജ്ഞാനം പകർന്നു നല്കാനായി നിങ്ങൾ അറിഞ്ഞിട്ടില്ലാത്തത് നിങ്ങളെ പഠിപ്പിക്കാനായി.

ആയതിനാൽ, നിങ്ങൾ എനിക്ക് നന്ദിരേഖപ്പെടുത്തുക. നിങ്ങൾ എന്നോട് നന്ദിയില്ലാത്തവരാകരുത്. ഞാൻ നിങ്ങൾക്കായി അയച്ചു തന്ന അനുഗ്രഹമാണിത്. ക്ഷമയോടെയും, പ്രാർത്ഥനയോടെയും എന്റെ സഹായത്തിനായി അർത്ഥിക്കുക രാവും പകലും! ഞാൻ (അല്ലാഹു) ക്ഷമാലുക്കളോടൊപ്പമാണ് (ദൃഢചിത്തരും, ക്ഷമാലുക്കളും) ഞാൻ തീർച്ചയായും നിങ്ങളെ ഭയംകൊണ്ടും, വിശപ്പുകൊണ്ടും, ധനനഷ്ടം കൊണ്ടും,

കുടുംബം കൊണ്ടും, നിങ്ങളുടെ നോട്ടങ്ങൾ കൊണ്ടും, നിങ്ങളുടെ ജോലി കൾകൊണ്ടും, നിങ്ങളുടെ പരിതസ്ഥിതികൊണ്ടും, നിങ്ങളെ പരീക്ഷിക്കു ന്നതാണ്. അതോടൊപ്പം നിങ്ങളിൽ രോഗിയായവർക്കും ഞാൻ സന്തോഷ വാർത്ത അറിയിക്കുകയാണ്. നിങ്ങളിലുള്ള ദൃഢവിശ്വാസികൾക്ക് എന്റെ അനുഗ്രഹങ്ങളും, ഔദാര്യങ്ങളും നാം നല്കുകയാണ്. നിങ്ങളാണ് സത്പ ന്ഥാവിലൂടെ ചരിക്കുന്നവർ, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനു സരിക്കുന്നവർ, നിങ്ങൾക്കാണ് അല്ലാഹുവിനോടും അവന്റെ ദൂതനോടും അഗാധമായ സ്നേഹമുള്ളത്, അവനാണ് നിങ്ങൾക്കായി അവന്റെ ദൂതനെ നിയോഗിച്ചത്.

ദൈവീക വെളിപാടിന്റെ അവസാനത്തിൽ താഴെപറയുന്ന് രണ്ടു വചനങ്ങൾ ഞാൻ കേട്ടു. ഞാൻ അപ്പോൾ വളരെ പരിക്ഷീണതനായിരു ന്നു. എന്നിൽ നിന്നും വിയർപ്പ് കണങ്ങൾ ഒഴുകിക്കൊണ്ടിരിക്കുകയായിരു ന്നു. തണുപ്പായിരിന്നുട്ടുകൂടി (ഇവിടെ മൗറിഷ്യസിൽ) തീർച്ചയായും നീ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു. (**ഇന്നക്കഅൻത തൗവാബുർറഹീം)**

തീർച്ചയായും നീ മാത്രമാണ് പ്രതാപമുള്ളവനും, ബുദ്ധിമാനാ യിട്ടുള്ളവനും

**(ഇന്നക്ക അൻത അസീസുൽ ഹക്കീം)**

2018 ജൂൺ 28 വ്യാഴാഴ്ച ഇന്നലെ അർത്ഥരാത്രിക്ക് മുൻപ് 11.45 ന് ദൈവീക വെളിപാട് ലഭിച്ചു (ഇംഗ്ലീഷ് ഭാഷയിൽ)

ലോകമെങ്ങുമുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ വളർച്ച യെ പറ്റി ദുആയും, ദിക്ക്റും ചെയ്തുകൊണ്ടിരിക്കുമ്പോൾ എങ്ങനെ ഈ സന്ദേശം പ്രചരിപ്പിക്കും? വളരെ വളരെ കുറച്ചു ആളുകളാണ് ജമാഅത്തിന് സാമ്പത്തിക സഹായം ചെയ്യുന്നത്. കൂടുതൽ സാമ്പത്തിക ത്യാഗം ആരും ചെയ്യുന്നില്ല. വേണ്ടത്ര തബ്ലീഗ് പ്രവർത്തനങ്ങളും നടക്കുന്നില്ല. യാ അല്ലാഹ്! നിന്റെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് വേണ്ടി ഞങ്ങൾക്ക് ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ എനിക്ക് അതിയായ തണുപ്പ് അനുഭവപ്പെട്ടു. എന്റെ ഹൃദയമിടിപ്പ് ശക്തമാ യി, സ്വയമേവ എന്റെ കണ്ണുകൾ അടഞ്ഞു. ആ സമയത്ത് ഞാൻ എന്റെ ഓഫീസിലായിരുന്നു. ബൈത്തുദിക്ക്റിലായിരുന്നില്ല. സന്ദേശം വന്നു

ദൈവീക സന്ദേശം; അല്ലാഹുവിന്റെ സന്ദേശം, **അല്ലാഹു പറഞ്ഞു ഹേ! ഖലീഫത്തുല്ലാഹ്! പറയൂ!** നിങ്ങൾ എഴുന്നേറ്റ് എന്റെ സത്യം അവരോട് പറയുക. ഈ സത്യം വന്നു കൊണ്ടിരിക്കുന്നത് നിങ്ങളുടെ രക്ഷിതാവിൽ നിന്നുമാകുന്നു. ഈ സത്യം അവരോട് പറയുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമാകുന്നു. എന്തു തന്നെ സംഭവിച്ചാലും നിങ്ങൾ ഭയപ്പെടരുത്. സഹനതയോടെ അതിനെ നേരിടുക. അല്ലയോ ഖലീഫത്തുല്ലാഹ്! എന്റെ സന്ദേശം നിങ്ങൾ എത്തിച്ചില്ലെങ്കിൽ, അത് നിങ്ങളുടെ ഭാഗത്തുള്ള ഒരു പാപമാകുന്നു. ആയതിനാൽ എഴുന്നേറ്റ് എന്റെ സത്യം അവരോട് പറയുക.

മുൻ അമീർ എന്ന് പറയപ്പെട്ട ആൾ (അമീനിജൊവാഹീർ) ചെയ്തത് വളരെ നിർണ്ണായകമായ കാര്യമാണ്. ഹസ്രത് മുഹമ്മദ് മുസ്തഫാ (സ) യുടെ രക്ഷകന്റെ പേരിൽ എന്നെന്നും നില നില്ക്കുന്ന ദൈവത്തിന്റെയും പേരിൽ അയാൾ കള്ളങ്ങൾ തട്ടിവിടുന്നു. ഇപ്പോഴത്തെ സാക്ഷാൽ അമീറും അതേ പാതയിൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. ജമാഅത്ത് അഹ്മദിയായിലെ ആളുകളുട ഹൃദയങ്ങളിൽ വെറുപ്പ് സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. എന്റെ എല്ലാ ദൃഷ്ടാന്തങ്ങളും അവർ നിരസിച്ചിരിക്കുകയാണ്. ദൈവീക വെളിപാടുകളെ അവർ ശ്രദ്ധിക്കുവാൻ അശേഷം താത്പര്യം കാട്ടുന്നുമില്ല. കഠിനമായ ശിക്ഷ അവരുടെമേൽ പതിക്കുന്നതാണ്. ദൈവീക അടയാളങ്ങൾ സാക്ഷ്യം വഹിക്കുകയും അംഗീകരിക്കുകയും ചെയ്തശേഷം പിന്തിരിഞ്ഞു പോയവരുടെ മേലും കഠിനശിക്ഷ ഇറങ്ങുന്നതാണ്.

അവരോട് പറയുക, ഈ വാക്കുകൾ നിങ്ങളോടേതല്ലാ എന്ന്! ഇത് ആകാശഭൂമികളുടെ രക്ഷകനിൽ നിന്നുള്ളതാകുന്നു എന്നു പറയുക! അവരോട് പറയുക. ജനങ്ങളാൽ തെരഞ്ഞെടുത്ത ഒരു ഖലീഫാ അഹ്മദിയ്യത്തിനുണ്ട്. പ്രസ്തുത സ്ഥലത്ത്, അല്ലാഹു (ത) അവന്റെ ഖലീഫയെ നിയമിച്ചുകഴിഞ്ഞിരിക്കുന്നു. അവരുടെ നൂറ്റാണ്ടിലേക്ക്! നാലാമത്തെ ഖലീഫയുടെ മരണത്തെ തുടർന്ന് (പരേതനായ മിർസാതാഹിർ അഹ്മദ്) അതേ ദിവസം തന്നെ അദ്ദേഹത്തിന്റെ കയ്യിൽ ഒരു സംഘം ബൈഅത്തു ചെയ്യുകയുണ്ടായി. അല്ലാഹുവിനോട് ചെയ്ത വാഗ്ദാനം ലംഘിക്കരുത്. അല്ലാഹുവിനെ സാക്ഷി നിർത്തുമ്പോൾ, അക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

അല്ലയോ! ഖലീഫത്തുല്ലാ! അവർക്ക് മുന്നറിയിപ്പ് നല്കുക. എന്നിട്ട് അവർക്ക് ഈ സന്ദേശം നല്കുക. സ്വർഗത്തിന്റെ അനന്തരാവകാശം, മറ്റൊരു വിഭാഗം ആളുകൾക്ക് കൈമാറ്റം ചെയ്തിരിക്കുന്നു. ദൈവം അവരെ സ്നേഹിക്കുന്നു. അവൻ അവരെ സഹായിക്കുന്നു. ആരൊക്കെ നന്മപ്രവർത്തിക്കുന്നവോ, അത് പുരുഷനാകട്ടെ, സ്ത്രീ ആകട്ടെ, അവൻ ഒരു വിശ്വാസിയുമാണെങ്കിൽ, അവന് ഞാൻ ഒരു സംശുദ്ധജീവിതം പ്രദാനം ചെയ്യുന്നതാണ്. അത്തരം ആളുകൾക്ക് നാം അവരുടെ പ്രതിഫലം, അവരുടെ പ്രവർത്തനങ്ങൾക്കനുസൃതമായി നല്കുന്നതാണ്.

പരിശുദ്ധതയുടെ ചൈതന്യം നിങ്ങളുടെ രക്ഷിതാവിൽ നിന്ന്, സത്യവുമായി ഇതാ ഇറങ്ങിയിരിക്കുന്നു. അതിലൂടെ വിശ്വാസികളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതാണ്. സഹീൽഇസ്ലാം വിശ്വാസികൾക്ക് മാർഗദർശനവും സന്തോഷവാർത്തയുമായി!

നാസിർ അഹ്മദ് സുൽത്താനി ഒരു കള്ളവാദിയാകുന്നു. അദ്ദേഹം കള്ളങ്ങൾ ആരോപിക്കുന്ന വ്യക്തിയാണ്. അയാൾ എന്റെ ഖലീഫത്തുല്ലായെ വെല്ലുവിളിക്കുകയുണ്ടായി. അദ്ദേഹവുമായി മുബാഹലയിൽ ഏർപ്പെട്ടു. നാസിർ അഹ്മദ് സുൽത്താനി അയാളുമായി മുബാഹലയ്ക്ക് ഖലീഫത്തുല്ലായെ ക്ഷണിച്ച കാര്യം ഖലീഫത്തുല്ലാ അറിഞ്ഞിട്ടില്ല. എങ്ങനെയാണ് മുബാഹലയുടെ ഫലം അയാൾക്കെതിരിൽ ഉണ്ടായതെന്നു നോക്കുക. അയാൾ ഇപ്പോൾ ജയിലിലാണ്. കാരണം അയാൾ ദൈവത്തിന്റെ യഥാർത്ഥമായ ദാസനല്ല, അയാളൊരു കള്ളവാദിയാണ്.

രണ്ടാമതായി, ആസാദ് ഷായെപറ്റി, അദ്ദേഹത്തിന് എന്താണ് സംഭവിച്ചതെന്നു നോക്കുക. അദ്ദേഹം പ്രഖ്യാപനം നടത്തുവാൻ തീരുമാനിച്ചപ്പോൾ, ഒരു ജമാഅത്തുരൂപികരിക്കുവാൻ തീരുമാനിച്ചപ്പോൾ, അതായത് അദ്ദേഹം ദൈവത്തിന്റെ ദൂതനാണ്, എന്ന് വാദിച്ചപ്പോൾ, അദ്ദേഹത്തിന്റെ കഥ കഴിഞ്ഞത് എങ്ങനെയാണ് എന്ന് നിങ്ങളറിയുക. എനിക്ക് വിശുദ്ധഖുർആനിൽ നിന്നും ലഭിച്ച വെളിപാടിൽ പറഞ്ഞതുപോലെ, അതായത് ഹസ്രത് മുഹമ്മദ് (സ) ഒരു കള്ളവാദി ആയിരുന്നെങ്കിൽ പോലും, അദ്ദേഹത്തിന്റെയും കഥ കഴിയുമായിരുന്നു. അതുപോലെ ആസാദ് ഷായുടെയും കഥ കഴിഞ്ഞു.

ജൻബാഹും ഖലീഫത്തുല്ലാഹ്‌യുമായുള്ള മുബാഹലയെ സംബന്ധിച്ച് ജൻബാഹിനും അദ്ദേഹത്തിന്റെ അനുചരന്മാർക്കും വളരെയധികം അപമാനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നു. ഇതൊക്കെ മുബാഹലയുടെ ഫലമായിരുന്നു.

പ്രസിഡന്റ് ഡൊനാൾഡ് ട്രംപ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? വളരെ വളരെ മോശമായ കാര്യമാണ് ! മുസ്ലിം പൊതുജനങ്ങൾക്കെതിരിൽ കുറ്റകരമായ ക്രൂരമായ വെറുപ്പ് ഇളക്കിവിടുന്നു. ഇത് അദ്ദേഹത്തിന്റെ അവസാനത്തിന്റെ ആരംഭമാണ്. ഖലീഫത്തുല്ലാഹ്‌യുടെയും അനുചരന്മാരുടേയും അതിശ്രേഷ്ഠമായ പ്രാർത്ഥനായുദ്ധത്തിലൂടെ ഡൊനാൾഡ് ട്രംപ്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വളരെ വലിയ അപമാനങ്ങൾ ഏറ്റുവാങ്ങേണ്ടിവരും.

ഇതിനുശേഷം, എനിക്ക് ക്ഷീണം അനുഭവപ്പെട്ടു. ഞാൻ തഹജ്ജുദ് നമസ്ക്കാരത്തിനായി പോയി. പറയപ്പെട്ട നിർദ്ദേശങ്ങൾ പിന്തുടരുവാൻ അല്ലാഹു (ത) നിങ്ങളെ സഹായിക്കട്ടെ! നിലവിലുള്ള അംഗങ്ങൾക്ക് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ നിങ്ങളുടെ വിശ്വാസത്തെ കാത്തുസൂക്ഷിക്കുവാൻ, അവൻ സഹായിക്കട്ടെ! അല്ലാഹുവിന്റെയും അവന്റെ ഖലീഫത്തുല്ലാഹ്‌യുടെയും സത്യതയിലേക്ക് വരു! നിങ്ങൾ സ്വാതികരാകട്ടെ അഥവാ പർവ്വതസമാനം പാപം ചെയ്ത പാപികളാകട്ടെ, നിങ്ങൾ സത്യാന്വേഷകരാണെങ്കിൽ, നിങ്ങൾ അറിയുക, അവൻ അല്ലാഹു അങ്ങേഅറ്റം മാപ്പു ചെയ്യുന്നവനാണ്, അവൻ കരുണാവാരിധിയാണ്, അവൻ അങ്ങേഅറ്റം അനുകമ്പ ഉടയവനുമാണ് ഇൻശാ അല്ലാഹ് ആമീൻ.

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in